**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5439** **24-03-2025 - ൽ മറുപടിയ്ക്ക്**

**കേരള പബ്ലിക് സർവീസ് കമ്മീഷന്റെ പി.ആർ.ഒ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരള പബ്ലിക് സർവീസ് കമ്മീഷന്റെ പി.ആർ.ഒ. തസ്തികയിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ യോഗ്യതകൾ എന്തൊക്കെയാണ് വ്യക്തമാക്കുമോ; | (എ) | അണ്ടർ സെക്രട്ടറി തസ്തികയിലുള്ള ഉദ്യോഗസ്ഥനെയാണ് പി.ആർ.ഒ ആയി നിയമിക്കുന്നത്. |
| (ബി) | പ്രസ്തുത ഉദ്യോഗസ്ഥരുടെ ചുമതലകൾ എന്തൊക്കെയാണ്; ചുമതലകൾ നിറവേറ്റുന്നതിന് അനുസൃതമായ യോഗ്യതകൾ ആണോ ഈ തസ്തികയിൽ നിശ്ചയിച്ചിട്ടുള്ളത്; അല്ലെങ്കിൽ ഇവർക്ക് പ്രസ്തുത ചുമതലകൾ നിറവേറ്റുന്നതിന് എന്തെങ്കിലും പരിശീലനം നൽകുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | കേരള പബ്ലിക് സർവ്വീസ് കമ്മീഷനുമായി ബന്ധപ്പെട്ട പത്ര / മാധ്യമ വാർത്തകൾ തയ്യാറാക്കുക, കേരള പബ്ലിക് സർവ്വീസ് കമ്മീഷനുമായി ബന്ധപ്പെട്ട മാധ്യമ വാർത്തകൾ ശേഖരിക്കുക, ആയത് ബഹു. ചെയർമാൻ, സെക്രട്ടറി എന്നിവർക്ക് കൈമാറുക, കേരള പബ്ലിക് സർവ്വീസ് കമ്മീഷനുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽ വരുന്ന അഭിപ്രായ നിർദ്ദേശങ്ങളും ആരോപണങ്ങളും കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തുക, ഔദ്യോഗിക പ്രസിദ്ധീകരണമായ പി.എസ്.സി ബുള്ളറ്റിന്റെ പ്രസിദ്ധീകരണവും വില്പനയും നടത്തുക എന്നിവയാണ് പബ്ലിക് റിലേഷൻസ് ഓഫീസറുടെ ചുമതലകൾ. കേരള പബ്ലിക് സർവ്വീസ് കമ്മീഷനുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളെപ്പറ്റി വ്യക്തമായി ധാരണയുള്ള അണ്ടർസെക്രട്ടറി തസ്തികയിലുള്ള ഉദ്യോഗസ്ഥനെയാണ് പി.ആർ.ഒ ആയി നിയമിക്കുന്നത്. |
| (സി) | ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ പി.ആർ.ഒ. തസ്തികയിൽ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ പേരും തസ്തികയും കാലയളവും വിദ്യാഭ്യാസ യോഗ്യതയും വ്യക്തമാക്കുമോ; പ്രസ്തുത ഉദ്യോഗസ്ഥർക്ക് ഈ തസ്തികയിൽ ജോലി ചെയ്യുന്നതിനായി നൽകിയിട്ടുള്ള പരിശീലനത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; പ്രസ്തുത ഉദ്യോഗസ്ഥരിൽ ആർക്കെങ്കിലും എതിരെ വകുപ്പുതലത്തിൽ എന്തെങ്കിലും ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (സി) | ശ്രീ. സുനുകുമാർ. കെ.വി 2021 ജൂൺ 1 മുതൽ പി.ആർ.ഒ ആയി തുടർന്നു വരുന്നു. PRO തസ്തികയ്ക്ക് പ്രത്യേക യോഗ്യതയോ പരിശീലനമോ നിശ്ചയിച്ചിട്ടില്ല. വകുപ്പുതല ശിക്ഷ നടപടികൾ ഇല്ല. |
| (ഡി) | മേൽപ്പറഞ്ഞവരിൽ ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ ഉദ്യോഗാർത്ഥികളുടെയോ റാങ്ക് ഹോൾഡേഴ്സ് അസോസിയേഷനുകളുടെയോ | (ഡി) | പരാതികൾ ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | പൊതുജനങ്ങളുടെയോ പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം പരാതികളിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ